(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡിപി13/1495/2017

കേരള സംസ്ഥാന
ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.
ഇ-മെയിൽ dokkd.ksad.kerala.gov.in

Phone: 04952371012

തീയതി.10-8-2017

ഡെപ്യൂട്ടി ഡയറക്ടർ
പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അത്തോളി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : അത്തോളി ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ്

റിപ്പോർട്ട് - സംബന്ധിച്ച്

***********************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അത്തോളി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി. പി13/1495/2017. തിയ്യതി:10-8-2017

കോഴിക്കോട് ജില്ലയിലെ അത്തോളി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ അത്തോളി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 15.12.2016 മുതൽ 31.05.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, തസ്തിക | ശ്രീ.സി. രാജൻ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.06.2017 മുതൽ 24.06.2017 വരെ<br>19.07.2017 മുതൽ 22.07.2017 |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| ശ്രീ.ബാലകൃഷ്ണൻ.കെ.എം. | ഓഡിറ്റ് ഓഫീസർ |
| ശ്രീ.സതീഷ് കുമാർ.സി.പി. | അസി. ഓഡിറ്റ് ഓഫീസർ |
| ശ്രീ.ശ്രീജിത്ത്.കെ.വി. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.രവീന്ദ്രൻ | 1.4.2016മുതൽ 31.03.2017വരെ |
| സെക്രട്ടറി | ശ്രീ.രാജേഷ്.എ. | 1.4.2016മുതൽ 31.03.2017വരെ |

| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
|---|---|---|
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| വി.ഇ.ഒ | ശ്രീമതി.സുധ.എം. | 01-04-2016മുതൽ 31-03-2017 വരെ |

| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.സത്യഭാമ.പി.വി. | 01-04-2016മുതൽ 31-03-2017 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശോഭന.എം.ടി, | 1-4-2016 മുതൽ 1-7-2016 വരെ. |
| | ഷീജ.പി.കെ | 2-7-2016 മുതൽ 31-8-2016 വരെ. |
| | ശ്രീമതി.അനിത.കെ.എം | 01-09-2016മുതൽ 31-03-2017 വരെ |
| പ്രധാനാദ്ധ്യാപകൻ | ശ്രീ.വിജയൻ.എം.വി. | 01-04-2016മുതൽ 31-3-2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.പ്രിയ.കെ.നായർ | 01-04-2016മുതൽ 31-03-2017 വരെ |
| ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീമതി.സജിത | 01-04-2016മുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ,പി.എച്ച്.സി. | ഡോ.രോഷ്ണി.പി.ടി. | 01-04-2016മുതൽ 31-03-2017 വരെ |
| കൃഷി ഓഫീസർ | ശ്രീ.മോഹൻദാസ്. | 01-04-2016മുതൽ 05-01-2017 FN വരെ |
| | ശ്രീമതി.നന്ദിത.വി.പി. | 05.01.2017 AN മുതൽ 31.03.2017 വരെ |
| ആയുർവേദ മെഡിക്കൽഓഫീസർ | ഡോ.പ്രഷീല. | 01-04-2016മുതൽ 31-03-2017 വരെ |
| മെഡിക്കൽഓഫീസർ ഹോമിയോ | ഡോ.അജിത് കുമാർ | 01-04-2016മുതൽ 19-01-2017 വരെ |
| | ഡോ.റീത്ത.പി. | 19.01.2017 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | സൂരജ്.പി.ജി. | 1-4-2016 മുതൽ 30-9-2016 വരെ. |
| | ശ്രീമതി.ഷീജ.സി. | 01-10-2016മുതൽ 31-03-2017 വരെ |

ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| ഭാഗം 1<br>പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് |

| ക്രമ നം. | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| | | |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തനത് വരുമാനം. |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 11 | 2-1 | വാർഷിക കണക്കുകളുടെ അപാകതകൾ |
| 12 | 2-2 | മുൻകൂർ രജിസ്റ്റർ ക്രമപ്പെടുത്തിയില്ല |
| 13 | 2-3 | ഡി ആന്റ് ഒ ലൈസൻസ് ഫീ - ട്രേഡേഴ്സ് ലിസ്റ്റ് എഴുതി സൂക്ഷിക്കുന്നില്ല |
| 14 | 2-4 | കരാറുകാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കിയില്ല |
| 15 | 2-5 | കെട്ടിട നിർമ്മാണ ലൈസൻസ്-അപാകതകൾ |
| 16 | 2-6 | വസ്തുനികുതി നിർണ്ണയത്തിലെ അപാകത- പഞ്ചായത്ത് ഫണ്ടിന് നഷ്ടം. |

| ക്രമ നം. | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| 17 | 2-7 | വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ-സഞ്ചയയിൽ തെറ്റായ രേഖപ്പെടുത്തലുകൾ |
| 18 | 2-8 | രശീത് പിരിവിലെ അപാകതകൾ |
| 19 | 2-9 | എം.പി.ഫണ്ട് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയിൽ പൊരുത്തക്കേട്. |
| ഭാഗം 3<br>ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 20 | 3-1 | കൃഷിഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ |
| 21 | 3-2 | പാൽ സബ്സിഡി നൽകിയത് ഗുണഭോക്താക്കൾക്ക് ലഭിച്ചതിന് രേഖകളില്ല |
| 22 | 3-3 | ഐ.സി.ഡി.എസ്. ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ |
| 23 | 3-4 | സാമൂഹ്യ സുരക്ഷാപെൻഷൻ പദ്ധതികളുടെ നടത്തിപ്പിലെ അപാകതകൾ |
| 24 | 3-5 | വെറ്ററിനറി സർജൻ- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. |
| 25 | 3-6 | പുഴപുറമ്പോക്ക് സംബന്ധിച്ച രേഖകൾ ലഭ്യമല്ല. |
| 26 | 3-7 | പെയിൻ & പാലിയേറ്റീവ് പദ്ധതി നിർവ്വഹണം- ബ്ലോക്ക് വിഹിതം ഉപയോഗപ്പെടുത്തിയില്ല. |
| 27 | 3-8 | പദ്ധതിനിർവ്വഹണത്തിലെ പൊതു അപാകതകൾ |

| ക്രമ നം. | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| ഭാഗം 4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 28 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 29 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 30 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 31 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 32 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 33 | 4-6 | ഓഡിറ്റ് റിക്കവറി |
| 34 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 35 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 36 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 37 | അനുബന്ധം 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം 1
## പൊതു അവലോകനം

## 1-1 ബജറ്റ്
2016-17 വർഷത്തെ ബജറ്റ് 08/03/2016 തിയതിയിലെ 46/16 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട | ലഭിച്ച | അപാകത പരിഹരിക്കാൻ | അപാകത പരിഹരിച്ച് |
|---|---|---|---|

| തീയതി | തീയതി | തിരിച്ചയച്ച തീയതി | ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 17-07-2017 | -- | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 22-07-2017 | നം. കെ.എസ്.എ.കെ.കെഡിപി13/1495/17 തീ. /8/17 അനുബന്ധം 1 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10406601 |
| വരവ് | 47319701 |
| ആകെ | 57726302 |
| ചെലവ് | 42371109 |
| നീക്കിയിരിപ്പ് | 15355193 |

## 1-5 ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം )

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2619494 | 10972402 | 13591896 | 9256870 | 4335026 | 68.11 |
| വികസനഫണ്ട് എസ്.സി.പി. | 3109589 | 8739417 | 11849006 | 3737301 | 8111705 | 31.54 |
| സംരക്ഷണഗ്രാന്റ് റോഡ് | 680338 | 8170806 | 8851144 | 2242521 | 6608623 | 29.34 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1199483 | 2967699 | 4167182 | 2691726 | 1475450 | 64.54 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 573285 | 6153761 | 6727046 | 2899558 | 3827488 | 43.10 |
| എം.എൻ.ആർ.ഇ.ജി.എസ്. | 1623 | 32469117 | 32469117 | 32316779 | 153961 | |
| ബി ഫണ്ട് | 0 | 43998695 | 43998695 | 43998695 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| | | | | | | ശതമാനം |
|---|---|---|---|---|---|---|
| 224 | 60931109 | 110 | 26191913 | 13 | 101 | 49.1 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 13 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1393380 | 1811860 | 418480 | 30 |
| നികുതിയേതര വരവുകൾ | 8729148 | 9913009 | 1183861 | 14 |
| ആകെ | 10122528 | 11724869 | 1602341 | 13 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 546120 | 334 |
| കർഷകതൊഴിലാളി പെൻഷൻ | 5061510 | 513 |
| വിധവാപെൻഷൻ | 12985660 | 1160 |
| വാർദ്ധക്യകാലപെൻഷൻ | 20846445 | 2299 |
| വികലാംഗപെൻഷൻ | 3293230 | 317 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1012730 | 98 |
| വിവാഹധനസഹായം | 240000 | 7 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.06.2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2300/-(രണ്ടായിരത്തി മുന്നൂറ്)രൂപ

ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09-02-17 മുതൽ 13-02-2017 വരെ | ജനവരി 2017 | എ 10-3855/17.15.05.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.04.2016 മുതൽ 28.04.2016 വരെ | 2011-12 മുതൽ 2014-15 വരെ | LBA(HQ)111/8A-2444/51 തീയതി.14.06.2016 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളുടെ അപാകതകൾ

ഓഡിറ്റിന് സമർപ്പിച്ച 2016-17 വർഷത്തെ വാർഷിക കണക്കുകൾ , പഞ്ചായത്ത് എഴുതി സൂക്ഷിച്ച രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ വാർഷിക കണക്കുകളിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1)വാർഷിക കണക്കുകൾ പ്രകാരം 2016-17 വർഷത്തെ മുൻകൂർ നീക്കിയിരിപ്പ് 2645464 രൂപയാണ്. എന്നാൽ മുൻകൂർ രജിസ്റ്റർ പ്രകാരം നീക്കിയിരിപ്പ് 2604657 രൂപയാണ്.

2) വാർഷിക കണക്കുകൾ പ്രകാരം 2016-17ലെ തൊഴിൽനികുതി ഡിമാന്റും കളക്ഷനും 1811860 രൂപയാണ്. എന്നാൽ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം ഡിമാന്റ് 2631530 രൂപയും കളക്ഷൻ 1811860 രൂപയും നീക്കിയിരിപ്പ് 819670 രൂപയുമാണ്. സാംഖ്യയിൽ കളക്ഷൻ തന്നെ ഡിമാന്റായി രേഖപ്പെടുത്തിയതുകാരണം തൊഴിൽനികുതികുടിശ്ശിക ബാലൻസ് ഷീറ്റിൽ (B15) പ്രതിഫലിക്കുന്നില്ല.

3)അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികളുടെ ഐ.ടി , വാറ്റ് ,ക്ഷേമനിധി എന്നിവ അടവാക്കിയത് വാർഷിക ധനകാര്യപത്രികയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

4) ആസ്തി രജിസ്റ്റർ കാലികമായി എഴുതി സൂക്ഷിച്ചിട്ടില്ല. ബാലൻസ് ഷീറ്റിലുൾപ്പെടുത്തിയ ആസ്തി മൂല്യം യഥാർത്ഥ വസ്തുതയെ പ്രതിഫലിപ്പിക്കുന്നില്ല.

## 2-2 മുൻകൂർ രജിസ്റ്റർ ക്രമപ്പെടുത്തിയില്ല

ഗ്രാമപഞ്ചായത്ത് എഴുതി സൂക്ഷിച്ച മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ 2604657 രൂപ 31/03/2017 ന് ക്രമപ്പെടുത്താൻ അവശേഷിക്കുന്നതായി കാണുന്നു. വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം. | മുൻകൂർ നൽകിയ തിയ്യതി | മുൻകൂർ കൈപ്പറ്റിയ സ്ഥാപനം / വ്യക്തി | ആവശ്യം | തുക |
|---|---|---|---|---|
| 1 | തിയ്യതി രേഖപ്പെടുത്തിയിട്ടില്ല | ടി.എം. ബാലഗോപാലൻ | ശമ്പള അഡ്വാൻസ് | 3892 |
| 2 | 23/01/2007 | കൺവീനർ, മാണിക്കോത്ത് മീത്തൽ പാത്ത്‌വേ | മൊബിലൈസേഷൻ അഡ്വാൻസ് | 7500 |
| 3 | 22/01/2007 | കൺവീനർ, കുറ്റിപൊരിച്ചതിൽ ഫൂട്പാത്ത് | മൊബിലൈസേഷൻ അഡ്വാൻസ് | 8000 |
| 4 | 18/02/2010 | അക്ഷയകേന്ദ്രത്തിന് മുൻകൂർ | - | 21415 |
| 5 | 28/03/2012 | എക്സി.എഞ്ചിനീയർ, | ഏലിയോട്ടുമല | 1900000 |

| | | | | |
|---|---|---|---|---|
| | | കേരളവാട്ടർ അതോറിറ്റി, വടകര | കുടിവെള്ളപദ്ധതി | |
| 6 | 28/03/2012 | എക്സി.എഞ്ചിനീയർ, കേരളവാട്ടർ അതോറിറ്റി, വടകര | ടി | 650000 |
| 7 | 02/06/2016 | MGNREGS | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2390 |
| 8 | തിയ്യതി രേഖപ്പെടുത്തിയിട്ടില്ല | സി.പി.സതീശൻ, യു.ഡി.സി. | ശമ്പള മുൻകൂർ | 557 |
| 9 | തിയ്യതി രേഖപ്പെടുത്തിയിട്ടില്ല | ടി.എം.ബാലഗോപാലൻ | ശമ്പള മുൻകൂർ | 103 |
| 10 | തിയ്യതി രേഖപ്പെടുത്തിയിട്ടില്ലവ | വിജയൻ കിഴക്കയിൽ | ഓണം അഡ്വാൻസ് | 100 |
| 11 | 29/06/2006 | പി.സി.ബാബുരാജ് | ഓണം അഡ്വാൻസ് | 100 |
| 12 | 15/05/2010 | മൻസൂർ, വൈസ് പ്രസിഡന്റ് | ടി.എ.അഡ്വാൻസ് | 1000 |
| 13 | 19/08/2010 | എൻ.കെ.വൽസല, നൊച്ചാട് ഗ്രാമ പഞ്ചായത്ത് | - | 7500 |
| 14 | 10/08/2011 | രമ പാലോത്ത് പ്രസിഡന്റ് | ടി.എ.അഡ്വാൻസ് | 1000 |
| 15 | 03/09/2011 | രമ പാലോത്ത് പ്രസിഡന്റ് | ടി.എ.അഡ്വാൻസ് | 1000 |
| 16 | വിശദവിവരം രേഖപ്പെടുത്തിയിട്ടില്ല | | | 200 |
| ആകെ | | | | 2604657 |

മേൽ തുക ക്രമപ്പെടുത്താനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ക്രമപ്പെടുത്താത്ത മുൻകൂർ തുക 18% പലിശ സഹിതം തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ( ജി.ഒ (പി)419/2011 /ധന. തീ. 4-10-2011 ഉത്തരവ് കാണുക)

## 2-3 ഡി ആന്റ് ഒ ലൈസൻസ് ഫീ - ട്രേഡേഴ്സ് ലിസ്റ്റ് എഴുതി സൂക്ഷിക്കുന്നില്ല

പഞ്ചായത്ത് എഴുതി സൂക്ഷിച്ച ഡി &ഒ ലൈസൻസ് പെർമിഷൻ രജിസ്റ്റർ പരിശോധിച്ചതിൽ തൻവർഷം ലൈസൻസിനുള്ള 611 അപേക്ഷകൾ ലഭിച്ചതായി കാണുന്നു.എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നമുഴുവൻ വ്യാപാര /കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ കാണിക്കുന്ന ട്രേഡേർസ് ലിസ്റ്റ് എഴുതി സൂക്ഷിക്കാത്തതിനാൽ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ഡി&ഒ ലൈസൻസ് ഫീസ് ഡിമാന്റ് ചെയ്തിട്ടുണ്ടോയെന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഡി&ഒ ലൈസൻസ് ഫീസ് കളക്ഷൻ ഡിമാന്റ് ആയി കാണിച്ചിരിക്കുകയാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ വാണിജ്യ / വ്യാപാര സ്ഥാപനങ്ങളുടെ പേര് വിവരങ്ങൾ ഉൾപ്പെടുത്തി ട്രേഡേർസ് ലിസ്റ്റ് എഴുതി സൂക്ഷിക്കേണ്ടതാണ്.

## 2-4 കരാറുകാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കിയില്ല

അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ 2016-17 വർഷം താഴെപ്പറയുന്ന കരാറുകാർ പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നിർവ്വഹണം നടത്തിയതായി കാണുന്നു.

1) അനിൽകുമാർബാബു ടി.

2) അനുരാഗ് എൻ.

3) ഒ.കെ.മോഹനൻ

4) സുഗുണൻ പി.

5) രമേഷ്ബാബു വി.കെ.

6) കെ.ആർ.വിനോദ്.

7) റഫീഖ് പി.

8) മുഹമ്മദ്ഹാഷിം

9) റിജു എം.വി.

10) അജിത് കെ.പി.

11) ഷമേഷ് ടി.

12) ചന്ദ്രൻ പി.

13) പി.എം.സുധാകരൻ

14) ഉദയകുമാർ എൻ.

15) അനിൽകുമാർ സി.കെ.

16) ശ്യാദുൽ എം.

എന്നാൽ മേൽപ്പറഞ്ഞ കരാറുകാരിൽ നിന്ന് തൻവർഷം തൊഴിൽനികുതി ഡിമാന്റ് ചെയ്തതായി കാണുന്നില്ല.അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 2-5 കെട്ടിട നിർമ്മാണ ലൈസൻസ്-അപാകതകൾ

2016-17 വർഷത്തെ കെട്ടിടനിർമ്മാണ പെർമിറ്റ് നൽകലുമായി ബന്ധപ്പെട്ട കെട്ടിടനിർമ്മാണ പെർമ്മിറ്റ് അപേക്ഷാ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

കെട്ടിട നിർമ്മാണത്തിനായുള്ള അപേക്ഷ ലഭിക്കുന്നതു മുതൽ നിർമ്മാണം പൂർത്തിയാക്കി അസ്സസ്സ്മെന്റ് നമ്പർ ചേർക്കുന്നതുവരെയുള്ള വിവരങ്ങൾ ലഭ്യമാകുന്ന രീതിയിലാണ് കെട്ടിടനിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്ററിന്റെ പ്രഫോർമ. 2016-17 വർഷത്തിൽ ആകെ 425 അപേക്ഷകളാണ് (രജിസ്റ്റർ പ്രകാരം)ലഭ്യമായിട്ടുള്ളത്. ആയതിൽ 265 അപേക്ഷകൾ മാത്രമെ തീർപ്പാക്കിയിട്ടുള്ളൂ.

2011 ലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 14 പ്രകാരം അപേക്ഷ ലഭിച്ച തീയതി മുതൽ 30 ദിവസങ്ങൾക്കുള്ളിൽ സെക്രട്ടറി സൈറ്റ്/സർവ്വീസ് പ്ലാൻ അംഗീകരിക്കുകയോ, എതെങ്കിലും കാരണങ്ങളാൽ നിരസിക്കുകയാണെങ്കിൽ പ്രസ്തുത വിവരം അപേക്ഷകനെ അറിയിക്കുകയോ ചെയ്യേണ്ടതാണ്. അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിൽ വീഴ്ച വരുത്തി.പല പേജുകളിലും തീരുമാനമെടുത്തത് സംബന്ധിച്ച രേഖപ്പെടുത്തലുകളൊന്നുമില്ല. അപേക്ഷ സ്വീകരിച്ചുവോ, നിരസിച്ചുവോ, എന്നുള്ള വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. ഫയൽ അന്വേഷണം നടത്തി സമയബന്ധിതമായി സെക്ഷനിൽ തിരികെ ലഭ്യമാക്കുന്നതിൽ അന്വേഷണ ഉദ്യോഗസ്ഥൻ വീഴ്ച വരുത്തുന്നു. ഉദാ-2016-17 വർഷത്തെ ബിൽഡിംഗ് പെർമിറ്റ് അപേക്ഷാ രജിസ്റ്ററിലെ 4,6,15,22 ക്രമനമ്പറായുള്ള അപേക്ഷകൾ.അന്വേഷണ റിപ്പോർട്ടുകൾ ലഭ്യമായതിന് ശേഷവും അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നു.ഉദാ: ബിൽഡിംഗ് പെർമിറ്റ് അപേക്ഷാരജിസ്റ്ററിലെ 92,105,140 ക്രമനമ്പറായുള്ള അപേക്ഷകൾ.2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 144 പ്രകാരം രജിസ്റ്റർ ചെയ്ത ആർക്കിടെക്കുകൾ നിർവ്വഹിക്കേണ്ട ചുമതലകൾ വിശദീകരിക്കുന്നുണ്ട്.എന്നാൽ പഞ്ചായത്തിൽ സമർപ്പിക്കപ്പെട്ട ചില അപേക്ഷകളോടൊപ്പം സമർപ്പിക്കപ്പെട്ട പ്ലാനുകളിൽ അളവുകളിലെ പൊരുത്തമില്ലായ്മയും നിരുത്തരവാദപരമായ രേഖപ്പെടുത്തലുകളും കാണുന്നു. ആയത് ഓവർസിയർ അന്വേഷണ റിപ്പോർട്ടിൽ ചൂണ്ടികാണിക്കുകയും ചെയ്തതായി കാണുന്നു.പ്ലാൻ വരച്ച് സാക്ഷ്യപ്പെടുത്തിയ ആർക്കിടെക്കിന് നോട്ടീസ് നൽകുന്നതിന് അന്വേഷണ ഉദ്യോഗസ്ഥൻ ഫയലിൽ ശുപാർശ ചെയ്യാറുണ്ടെങ്കിലും തുടർ നടപടികൾ സ്വീകരിക്കുന്നതായി കാണുന്നില്ല.ഉദാ-ബിൽഡിംഗ് പെർമിറ്റ് അപേക്ഷാ രജിസ്റ്ററിലെ 105,219 ക്രമനമ്പറായുള്ള അപേക്ഷകൾ.

കെട്ടിടത്തിന്റെ നിർമ്മാണ പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ, കെട്ടിടനമ്പർ നൽകിയതിന്റെ വിവരങ്ങൾ എന്നിവയും രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഇത് കാരണം പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് കെട്ടിട നമ്പർ നൽകി നികുതി ചുമത്തുന്നതിന്റെ കൃത്യത ഉറപ്പു വരുത്താൻ കഴിയുന്നില്ല.

പഞ്ചായത്തിൽ നിന്നും കെട്ടിട നിർമ്മാണ ലൈസൻസ് അനുവദിച്ച അപേക്ഷകളിൽ അപാകതകൾ കാണുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകന്റെ പേര് | കെട്ടിടത്തിന്റെ തരം | പെർമിറ്റം നം/ നിർമ്മാണാനുമതിയുടെ വിസ്തീർണ്ണം | അപാകത |
|---|---|---|---|---|
| 1 | അഹമ്മദ് കോയ ഹാജി. പ്രസിഡണ്ട്. അൽ ഹുദാ ഇസ്ലാമിക് കൾച്ചറൽ എസ്റ്റാബ്ലിഷ്മെന്റ് ,കാപ്പാട്. | ഗണം-ബി. വിദ്യഭ്യാസ സ്ഥാപനം | ക്രമവത്കരണം. 1029.60 ച.മീ. | 56-ാം ചട്ടത്തിലെ 6-ാം ഉപചട്ടത്തിൽ നിഷ്കർഷിക്കുന്ന തരത്തിൽ ആവശ്യമായ ശുചീകരണ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. 2. 38-ാം ചട്ടം പട്ടിക 4 ബി നം.2 പ്രകാരം നിഷ്കർഷിക്കുന്ന പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തിയിട്ടില്ല. |

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമ്മാണം പൂർത്തീകരിച്ച കെട്ടിടത്തിന്റെ നിർമ്മാണം ക്രമവത്കരിച്ച് നൽകിയ നടപടി വിശദീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തുകളുടെ കെട്ടിട നിർമ്മാണ ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നിർവ്വഹിക്കുന്നതിനായി ഐ.കെ.എം. വികസിപ്പിച്ചെടുത്ത സോഫ്റ്റ്‌വെയറാണ് സങ്കേതം.പ്രസ്തുത സോഫ്റ്റ്‌വെയർ വിന്യസിക്കുന്നതിനാവശ്യമായ ഭൗതിക സാഹചര്യവും ഉപകരണ ലഭ്യതയും ഗ്രാമപഞ്ചായത്തിൽ നിലവിലുണ്ടായിട്ടും സോഫ്റ്റ്‌വെയർ വിന്യസിക്കാത്തത് സെക്രട്ടറിയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.സങ്കേതം സോഫ്റ്റ്‌വെയർ അടിയന്തിരമായി വിന്യസിക്കേണ്ടതും കെട്ടിട നിർമ്മാണ ലൈസൻസ് അനുവദിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 വസ്തുനികുതി നിർണ്ണയത്തിലെ അപാകത- പഞ്ചായത്ത് ഫണ്ടിന് നഷ്ടം.

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം.2(എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു. ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ചട്ടം 4(1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തുനികുതി ചുമത്തേണ്ടതുമാണ് എന്നാണ് നിഷ്കർഷിക്കുന്നത്. എന്നാൽ ചട്ടം 4(1)ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ ഉപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് നികുതി നിർണയിക്കുന്നത്. ഇതു കാരണം ബഹുനില കെട്ടിടങ്ങളിൽ നിന്നു പോലും 100 ചതുരശ്രമീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലേ നികുതി പിരിക്കാൻ സാധിക്കുന്നുള്ളൂ. കൂടാതെ 250 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിക്കുമ്പോൾ 2013 ലെ വസ്തു നികുതി ഭേദഗതി ചട്ടത്തിലെ (സ.ഉ.(അച്ചടി).നം.88/2013/ത.സ്വ.ഭ.വ തീയതി.13.03.2013) ആറാം പട്ടിക പ്രകാരം അവയുടെ തറനിർമിതിക്ക് ഇറ്റാലിയൻ മാർബിളോ ഗ്രാനൈറ്റോ ഉപയോഗിച്ചിട്ടുണ്ടെങ്കിൽ അടിസ്ഥാന വസ്തു നികുതിയിൻ മേൽ വരുത്തേണ്ട15% വർദ്ധനയും വരുത്താൻ സാധിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ 100 ച.മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 45/-

രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിനു 50/- രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. വ്യത്യസ്ത ഉപയോഗക്രമങ്ങൾക്കല്ലാതെ ഉപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി നികുതി നിർണയിക്കുന്നതിലൂടെ ഗ്രാമപഞ്ചായത്തിനു വസ്തുനികുതിയിനത്തിൽ നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | വാർഡ് നം/കെട്ടിട നമ്പർ/ഉപയോഗ ക്രമം | ഉടമസ്ഥന്റെ പേര് | പൂർത്തീകരണ സാക്ഷ്യപത്ര പ്രകാരമുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ.) | ബാധകമായ വസ്തുനികുതി നിരക്ക് | ഇടാക്കേണ്ട വസ്തു നികുതി. | നിർണ്ണയിച്ച വസ്തുനികുതി. | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|
| 1 | 12/447 A-G<br>വാണിജ്യാവശ്യം | ഫാത്തിമ<br>വെള്ളഞ്ചേരി.കൊങ്ങന്നൂര്. | 138.54 | 50 | അടിസ്ഥാന വസ്തുനികുതി-6927<br>വർദ്ധനവ്-1385(20%)<br>ആകെ-8312 | 6534 | 1778 |
| 2 | 9/374E-J | ഖാലിദ്.<br>വയലിൽ തലകുളത്തൂർ. | 150.94 | 50 | അടിസ്ഥാന വസ്തുനികുതി-7547<br>വർദ്ധനവ്-1509(20%)<br>ആകെ-9056 | 6963 | 2093 |
| 3 | 13/181-A മുതൽ V വരെ ('I', 'O' എന്നിവ ഒഴികെ )<br>വാണിജ്യം | അബ്ദുൾ നാസർ, വടക്കയിൽ(അനസ്)<br>കൊങ്ങന്നൂർ.പി.ഒ, അത്തോളി. | 566.39 | 50 | അടിസ്ഥാന വസ്തുനികുതി-28320<br>വർദ്ധനവ്-5664(20%)<br>ആകെ-33984 | 29702 | 4282 |
| ആകെ | | | | | | | 8153 |

മേൽ വിവരിച്ച നഷ്ട തുക കുടിശ്ശിക സഹിതം പിരിക്കേണ്ടതും ഗ്രാമപഞ്ചായത്ത് പരിധിയിൽ പണി പൂർത്തിയായ 100 ച.മീറ്ററിലധികം തറ വിസ്തീർണമുള്ള വാണിജ്യകെട്ടിടങ്ങൾക്ക് ഇത്തരത്തിൽ ചട്ടവിരുദ്ധമായി നികുതി നിർണയിച്ചതിലൂടെ നഷ്ടം സംഭവിച്ചിട്ടുണ്ടോ എന്നു പരിശോധിച്ച് കുടിശ്ശിക സഹിതം നഷ്ടം നികത്തേണ്ടതുമാണ്.

## 2-7 വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ-സഞ്ചയയിൽ തെറ്റായ രേഖപ്പെടുത്തലുകൾ

വസ്തുനികുതി നിർണ്ണയം,അനുബന്ധ രജിസ്റ്ററുകൾ തയ്യാറാക്കൽ തുടങ്ങിയ ജോലികൾ നിർവ്വഹിക്കുന്നതിനായി ഇൻഫർമേഷൻ കേരള മിഷൻ ഗ്രാമപഞ്ചായത്തുകൾക്ക് വേണ്ടി വികസിപ്പിച്ചെടുത്ത സഞ്ചയ സോഫ്റ്റ്‌വെയർ അത്തോളി ഗ്രാമപഞ്ചായത്തിൽ വിന്യസിച്ചിട്ടുണ്ട്.വസ്തു നികുതി സംബന്ധിച്ച മുഴുവൻ രജിസ്റ്ററുകളും സോഫ്റ്റ്‌വെയറിന്റെ സഹായത്തോട് കൂടിയാണ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കിയിട്ടുള്ളത്.സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമാകുന്ന വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും സാംഖ്യ രശീതുകളും പരിശോധിച്ചതിൽ അവ തമ്മിൽ പൊരുത്തപ്പെടുന്നില്ലെന്ന് കാണുന്നു.

05.12.2016 തീയതിയിൽ ഫ്രണ്ട് ഓഫീസിൽ നിയാസ് നഫീസ (കെട്ടിട നം- 12/176) എന്നിവരിൽ നിന്നും വസ്തുനികുതിയിനത്തിൽ 11603104780 നമ്പർ സാംഖ്യ രശീതി മുഖേന സ്വീകരിച്ച 820 രൂപ സഞ്ചയയിൽ 12251 രൂപയായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.സഞ്ചയ പ്രകാരം യഥാർത്ഥത്തിലുള്ള രശീതിനേക്കാൾ 11431 രൂപ അധികവരവ് രേഖപ്പെടുത്തിയിട്ടുണ്ട്.

സാംഖ്യയും സഞ്ചയയും പരസ്പരം ബന്ധിപ്പിച്ച സോഫ്റ്റ്‌വെയറുകളാണ്.ജനസേവന കേന്ദ്രത്തിൽ സാംഖ്യ മുഖേന സ്വീകരിക്കുന്ന വസ്തുനികുതി സഞ്ചയ സോഫ്റ്റ്‌വെയറിലേക്ക് നേരിട്ട് രേഖപ്പെടുത്തപ്പെടുന്ന വിധത്തിലാണ് സോഫ്റ്റ്‌വെയറിന്റെ പ്രവർത്തനം.മേൽ സാഹചര്യത്തിൽ സഞ്ചയ സോഫ്റ്റ്‌വെയറിലെ അപാകതയാണ് മേൽ പ്രശ്നത്തിനാധാരമെന്ന് ഓഡിറ്റിന് ബോദ്ധ്യപ്പെട്ടു.സോഫ്റ്റ്‌വെയറിലെ ഗുരുതരമായ ഇത്തരം പ്രശ്നങ്ങൾക്ക് സഞ്ചയ സോഫ്റ്റ്‌വെയർ തയ്യാറാക്കിയ സ്ഥാപനത്തോട്

വിശദീകരണം ലഭ്യമാക്കേണ്ടതും അപാകത പരിഹരിച്ച് നൽകുന്നതിന് ആവശ്യപ്പെടേണ്ടതുമാണ്. സഞ്ചയ ഡിമാന്റ് രജിസ്റ്ററും സാംഖ്യ രശീതുകളും പരസ്പരം താരതമ്യം ചെയ്ത് സമാന അപാകതകളില്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 2-8 രശീത് പിരിവിലെ അപാകതകൾ

രശീത് പുസ്തകങ്ങൾ,കളക്ഷൻ രജിസ്റ്ററുകൾ,സ്റ്റോക്ക് രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ശ്രീ.ജിതേഷ്.എം.സീനിയർ ക്ലർക്ക് എന്നവർക്ക് രശീത് ബുക്കുകൾ തീരുന്ന മുറക്കല്ലാതെ മുൻകൂറായി അനുവദിച്ചു.

ഉദാ : 836 നം ബുക്കിലെ 100 താളുകളും ഉപയോഗിക്കുന്നതിന് മുൻപായി ടിയാന് 837,838,839 നം ബുക്കുകൾ അനുവദിച്ചു.പ്രസ്തുത രശീത് പുസ്തകങ്ങൾ ഒരേ സമയം ഉപയോഗിച്ചതായും കാണുന്നു.

2.രശീത് തുക യഥാർത്ഥത്തിൽ പിരിച്ചെടുത്ത ദിവസം തന്നെ അടവാക്കുന്നില്ല.

ഉദാ : 843 നം ബുക്കിലെ 33 മുതൽ 37 വരെയുള്ള രശീതുകളിൽ തീയതി രേഖപ്പെടുത്തിയതൊഴികെയുള്ള മുഴുവൻ രേഖപ്പെടുത്തലുകളും കാർബൺ പേപ്പറിനാൽ പിൻവശത്ത് പകർത്തപ്പെട്ടിട്ടുണ്ട്.എന്നാൽ തീയതി സംബന്ധിച്ച രേഖപ്പെടുത്തൽ മാത്രം പിൻവശത്ത് പതിഞ്ഞിട്ടില്ല.പിരിവെടുത്തതിന് ശേഷം തീയതി പിന്നീട് ചേർക്കുന്നതാണെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു.

അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധചെലുത്തേണ്ടതാണ്.

## 2-9 എം.പി.ഫണ്ട് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയിൽ പൊരുത്തക്കേട്.

പഞ്ചായത്തിലെ എം.പി.ഫണ്ട് സംബന്ധിച്ച ഇടപാടുകൾ നടത്തുന്ന സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലെ 326 നമ്പർ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലെ 31.05.2017 തീയതിയിലെ നീക്കിയിരിപ്പ് തുകയിൽ 4029 രൂപയുടെ വ്യത്യാസം കാണുന്നു. 31.05.2017 തീയതിയിലെ ബാങ്ക് പാസ് ബുക്ക് പ്രകാരം 78918 രൂപയാണ് നീക്കിയിരിപ്പ്.എന്നാൽ സാംഖ്യ ബാങ്ക് ബുക്ക് പ്രകാരം 82947 രൂപയാണ് നീക്കിയിരിപ്പ്.4029 രൂപ വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് 17.06.2017 തീയതിയിൽ നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നം.8 ന് മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല.അക്കൗണ്ട് എത്രയും പെട്ടന്ന് പൊരുത്തപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കൃഷിഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

തൻവർഷം കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ വിശദവിവരം താഴെ കൊടുത്തിരിക്കുന്നു.

| ക്രമനം. | പ്രൊജക്ട് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ബിൽ നം. / തിയ്യതി |
|---|---|---|---|---|
| 1 | ജൈവ പച്ചക്കറി വിത്തും ഗ്രോബാഗും വളവും (പ്രൊജക്ട് നം.205/16-17 ) | 900000 | 594625 (വികസന ഫണ്ട് 397812+ ഗുണഭോക്തൃവിഹിതം 196813) | ബിൽ നം. 2001108/09-03-17 |
| 2 | ജൈവ പച്ചക്കറി വിത്തും ഗ്രോബാഗും വളവും - പട്ടികജാതി (പ്രൊജക്ട് | 159000 | 71000 (വികസനഫണ്ട് 47500+ഗുണഭോക്തൃവിഹിതം 23500) | ബിൽ നം. 2001144/23-03-17 |

| | | | | |
|---|---|---|---|---|
| | നം.213 /16-17 ) | | | |
| 3 | ഇടവിളകൃഷി വികസനം - വനിത (പ്രൊജക്ട് നം.206/16-17) | 267000 | 240750<br>(വികസന ഫണ്ട് 173750+ബ്ലോക്ക്ഷെയർ 67000) | ബിൽ നം.2001163/23-03-17 |
| 4 | നെൽകൃഷി വികസനം<br>(പ്രൊജക്ട്നം. 210/16-17) | 600000 | 135628<br>(വികസന ഫണ്ട്) | ബിൽ നം.<br>2001154/23-03-17 |
| 5 | തെങ്ങ്കൃഷി വികസനം<br>(പ്രൊജക്ട് നം.212/16-17) | 600000 | 240160<br>(വികസനഫണ്ട് 190040+തനതുഫണ്ട് 50120) | ബിൽ നം.<br>2001109/09-03-17 |

പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) കർഷകർക്ക് വിത്ത്, വളം,ഗ്രോബാഗ് തുടങ്ങിയവയ്ക്ക് ധനസഹായം നൽകിയത് 2017 മാർച്ച് മാസത്തിൽ മാത്രമാണ്.1282163 രൂപ കാർഷികമേഖലയുടെ വികസനത്തിന് തൻവർഷം വിനിയോഗിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ കാർഷിക വിളകളുടെ വർദ്ധനവിന് ഈ മേഖലയിൽ ആവിഷ്കരിച്ച പദ്ധതികൾക്ക് കഴിഞ്ഞോ എന്ന് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമല്ല.സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ തെങ്ങ് കൃഷിക്കുള്ള വളം കർഷകർക്ക് നൽകിയത് മഴക്കാലം കഴിഞ്ഞ് 2017 ഫെബ്രുവരി,മാർച്ച് മാസങ്ങളിലാണ്.

2) പദ്ധതി യഥാസമയങ്ങളിൽ നടപ്പിലാക്കുന്നതിന് പദ്ധതി പ്രവർത്തനങ്ങൾ കാലവിളംബം കൂടാതെ നടത്തുകയും ഗുണഭോക്തൃലിസ്റ്റ് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് യഥാസമയങ്ങളിൽ ലഭ്യമാക്കേണ്ടതുമുണ്ട്. എന്നാൽ 2017 ജനുവരിയിൽ മാത്രമാണ് ഗുണഭോക്തൃലിസ്റ്റ് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ലഭ്യമാകുന്നത്. ഇത് കാർഷികമേഖലയിലെ പദ്ധതി പ്രവർത്തനത്തിന് പ്രതികൂലമായി ബാധിച്ചു. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

3) ഗുണഭോക്തൃലിസ്റ്റ് പഞ്ചായത്ത്തലത്തിൽ തയ്യാറാക്കുന്നില്ല. അപാകതകൾ പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 പാൽ സബ്സിഡി നൽകിയത് ഗുണഭോക്താക്കൾക്ക് ലഭിച്ചതിന് രേഖകളില്ല

ബിൽ നമ്പർ -1/20-03-2017 തുക -550000/-

ചെക്ക് നമ്പർ -3833121 തുക -229305/-

വികസന ഫണ്ടിൽ നിന്ന് 550000 രൂപയും ബ്ളോക്ക് ഷെയർ 229305 രൂപയും ആകെ 779305 രൂപ പാൽ സബ്സിഡിയായി ഡയറി ഫാം ഇൻസ്ട്രക്ടർ ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്തിലെ 4 പാൽ ഉല്പ്പാദക സഹകരണ സംഘങ്ങളായ വേളൂർ വെസ്റ്റ് പാൽ ഉല്പാദകർ,മൊടക്കല്ലൂർ ക്ഷീരോല്പാദക സഹകരണ സംഘം,കൊളക്കാട് ക്ഷീരോല്പാദക സഹകരണ സംഘം,കൊങ്ങന്നൂർ ക്ഷീരോല്പാദക സഹകരണ സംഘം എന്നിവയ്ക്ക് ഈ തുക ഗുണഭോക്താക്കൾക്ക് നൽകാനായി കൈമാറി.എന്നാൽ സംഘങ്ങൾ ഈ തുക ഗുണഭോക്താക്കൾക്ക് നൽകിയതിന് രേഖകളില്ല. ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-3 ഐ.സി.ഡി.എസ്. ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

ഐ.സി.ഡി.എസ്. ഓഫീസർ തൻവർഷം നടപ്പിലാക്കിയ പദ്ധതികളിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) അനുപൂരകപോഷകാഹാരം - കേന്ദ്രവിഹിതം കുറവ്

തൻവർഷം അനുപൂരകപോഷകാഹാരത്തിന് 1800000 രൂപ വകയിരുത്തിയതിൽ 1402834 രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവഴിച്ച തുകയിൽ 210895 രൂപ മാത്രമാണ് കേന്ദ്രവിഹിതമായി ലഭിച്ചത് . ഇത് ആകെ ചെലവിന്റെ 15% മാത്രമാണ് . 50% തുക കേന്ദ്രവിഹിതമായി ലഭിക്കേണ്ടതായിരുന്നു. കേന്ദ്രവിഹിതം ലഭിച്ചതിൽ കുറവുവന്ന തുക വികസനഫണ്ടിൽ നിന്നാണ് ചെലവഴിച്ചിരിക്കുന്നത്. കേന്ദ്രഫണ്ട് ലഭിക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

2)ടി.എച്ച്.ആർ.എസ്. ഭക്ഷ്യമിശ്രിതം- ലാബ് പരിശോധനയ്ക്ക വിധേയമാക്കുന്നില്ല.

ഉള്ളിയേരിയിലെ ജീവാ ഫുഡ്പ്രോഡക്സ് എന്ന കുടുംബശ്രീ യൂണിറ്റിൽ നിന്നാണ് തൻവർഷം അങ്കണവാടികൾ മുഖേന വിതരണം ചെയ്ത അമൃതം പൂരകപോഷകാഹാരം വാങ്ങിയിരിക്കുന്നത്. എന്നാൽ ഭക്ഷ്യമിശ്രിതത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് പരിശോധന നടത്തിയിട്ടില്ല. സ.ഉ(എം.എസ്) 4/2016 തസ്വഭവ തീ.11/01/2016 ഖണ്ഡിക 11.9(iii) പ്രകാരം ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം കൂടെക്കൂടെ പരിശോധനയ്ക്ക് വിധേയമാക്കി ഗുണനിലവാരം ഉറപ്പുവരുത്തണം.

## 3-4 സാമൂഹ്യ സുരക്ഷാപെൻഷൻ പദ്ധതികളുടെ നടത്തിപ്പിലെ അപാകതകൾ

2016-17 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ ലഭിച്ച വിവിധ ക്ഷേമപെൻഷൻ അപേക്ഷകൾ,അനുബന്ധ രജിസ്റ്ററുകൾ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സ് എന്നിവ പരിശോധിച്ചു.പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.അപേക്ഷാ രജിസ്റ്ററുകൾ നിശ്ചിത മാതൃകയിലല്ല പരിപാലിക്കുന്നത്.അപേക്ഷകളിന്മേൽ സ്വീകരിക്കുന്ന നടപടികൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിലും വീഴ്ച വരുത്തുന്നു.വാർദ്ധക്യകാല പെൻഷൻ അപേക്ഷാ രജിസ്റ്റർ ഒഴികെയുള്ള മുഴുവൻ സാമൂഹ്യ സുരക്ഷാപദ്ധതികൾക്കും ഒരൊറ്റ അപേക്ഷാ രജിസ്റ്ററാണ് സൂക്ഷിക്കുന്നത്.

2.2016-17 ൽ ഭൂരിഭാഗം അപേക്ഷകളും സമയബന്ധിതമായി തീർപ്പാക്കുന്നതിൽ ശ്രദ്ധ ചെലുത്തുന്നുണ്ടെങ്കിലും അന്വേഷണ ഉദ്യോഗസ്ഥർക്ക് അപേക്ഷ കൈമാറുന്നതിലും അന്വേഷണ ഉദ്യോഗസ്ഥർ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നതിലും കാലതാമസം നേരിടുന്നുണ്ട്. ഉദാ: വികലാംഗപെൻഷൻ അപേക്ഷകളിലെ ക്രമനമ്പർ 12,13 ക്രമനമ്പറായുള്ള അപേക്ഷകൾ അന്വേഷണ ഉദ്യോഗസ്ഥന് കൈമാറുന്നതിലും കർഷക തൊഴിലാളി പെൻഷൻ അപേക്ഷാ രജിസ്റ്ററിലെ ക്രമ നമ്പർ 3,4,6,7 അപേക്ഷകളിൽ അന്വേഷണം പൂർത്തീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിലും കാലതാമസമുണ്ടായി.

അപാകതകൾ പരിഹരിച്ച് അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 വെറ്ററിനറി സർജൻ- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

വെറ്ററിനറി സർജൻ 2016-17 വർഷം നിർവ്വഹണം നടത്തിയ പദ്ധതികൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 2016-17 വർഷത്തിൽ 6 പദ്ധതികളാണ് വെറ്ററിനറി സർജൻ നടപ്പാക്കിയത്.പ്രസ്തുത പദ്ധതികൾക്ക് 7601600 രൂപ വകയിരുത്തിയിരുന്നെങ്കിലും 2689600 രൂപ മാത്രമെ ചെലവഴിച്ചിട്ടുള്ളൂ.35.38 ശതമാനം തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

2.മേഖലയുടെ സമഗ്ര വികസനത്തിന് പദ്ധതികളുടെ മുൻ-പിൻ ബന്ധങ്ങൾ ഉറപ്പ് വരുത്തണമെന്ന് പദ്ധതിമാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്.എന്നാൽ ഒരേ പദ്ധതി വർഷങ്ങളായി ആവർത്തിച്ച് നടപ്പാക്കുന്ന പ്രവണതയാണ് കാണുന്നത്.

ഉദാ : മുൻവർഷങ്ങളിൽ കിടാരി വിതരണ പദ്ധതികൾ നടപ്പിലാക്കിയ ഗ്രാമപഞ്ചായത്ത് തീറ്റപ്പുൽകൃഷി , ധാതുലവണങ്ങൾക്ക് സബ്സിഡി പോലുള്ള അനുബന്ധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി മുൻവർഷ പദ്ധതികൾ ലക്ഷ്യപ്രാപ്തിയിലെത്തിക്കുന്നതിന് ശ്രമിക്കുന്നില്ല.

3.വാർഷിക പദ്ധതികൾ ആവർത്തിക്കുന്നത് മൂലം ഗുണഭോക്താക്കളെ കണ്ടെത്താനാവാതെ പദ്ധതി തുക പാഴാകുന്നു.

ഉദാ: ആട് വിതരണം,കോഴിവിതരണം പോലുള്ള പദ്ധതികൾ ആവർത്തിച്ച് നടപ്പാക്കുന്നത് മൂലം അടങ്കൽ തുകക്ക് ആനുപാതികമായി ഗുണഭോക്താക്കളെ കണ്ടെത്താൻ കഴിയുന്നില്ല.2016-17 ൽ 1342 ഗുണഭോക്താക്കൾക്ക് കോഴിയെ സബ്സിഡി നിരക്കിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നിർവ്വഹിച്ച 191/17 നം.ഗ്രാമം നിറയെ കോഴി എന്ന പ്രൊജക്ടിൽ 435 ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് മാത്രമെ ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടുള്ളൂ.ഇതിൽ നിന്നും വർക്കിംഗ് ഗ്രൂപ്പുകൾ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയതായി കാണുന്നില്ല.മേൽ സാഹചര്യത്തിൽ പദ്ധതി നടത്തിപ്പിന് അടിസ്ഥാനമാക്കിയ രേഖകളെന്തെന്ന് വിശദീകരിക്കപ്പെടേണ്ടതുണ്ട്.

4.കന്നുകുട്ടി പരിപാലന പരിപാടി പ്രകാരം 2016-17 ൽ 93750 രൂപ ചെലവഴിച്ചിട്ടുണ്ട്.എന്നാൽ ഇത് സംബന്ധിച്ച വിനിയോഗ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ 17.06.2017 തീയതിയിലെ നമ്പർ 3 ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല.അപാകതകൾക്ക് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-6 പുഴപുറമ്പോക്ക് സംബന്ധിച്ച രേഖകൾ ലഭ്യമല്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 218(1) മുതൽ 218(4) വരെയുള്ള വകുപ്പുകൾ പ്രകാരം ആക്ട് നിലവിൽ വരുന്ന തീയതി മുതൽ എല്ലാ ജലമാർഗ്ഗങ്ങളും, നീരുറവകൾ, ജലസംഭരണികൾ, നദികളുടെ തടങ്ങളും തീരങ്ങളും, തടാകങ്ങളും

ചെറുകായലുകളും, നീരുറവകളും കുളങ്ങളും നീർത്തടങ്ങളും കെട്ടിനിൽക്കുന്നതും ഒഴുകിപോകുന്നതുമായ എല്ലാജലവും നീരുറവകളും ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കപ്പെട്ടിരിക്കുന്നു. മേൽ വകുപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കപ്പെട്ടിരിക്കുന്ന അവകാശങ്ങളും ബാദ്ധ്യതകളും നിർവ്വഹിക്കുന്നതിന് സഹായകമാകും വിധം ഗ്രാമപഞ്ചായത്ത് പുഴപുറമ്പോക്കുകളെ സംബന്ധിച്ച വിവരങ്ങളടങ്ങിയ രജിസ്റ്റർ സൂക്ഷിക്കുന്നതായി കാണുന്നില്ല. കോരപ്പുഴയുടെ തീരത്ത് സ്ഥിതിചെയ്യുന്ന പഞ്ചായത്തിൽ സ്വകാര്യവ്യക്തികൾ പുഴയോരത്ത് മത്സ്യകൃഷി ചെയ്യുന്നുണ്ട്.പഞ്ചായത്ത് ഇപ്രകാരം പുഴയോരം ഉപയോഗിക്കുന്നതിന് ആർക്കെങ്കിലും പാട്ടത്തിന് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായതിൽ നിക്ഷിപ്തമായിട്ടുള്ള പുഴപുറമ്പോക്ക് സംരക്ഷണത്തിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-7 പെയിൻ & പാലിയേറ്റീവ് പദ്ധതി നിർവ്വഹണം- ബ്ലോക്ക് വിഹിതം ഉപയോഗപ്പെടുത്തിയില്ല.

പ്രൊജക്ട് നം. 202/2017, കിടപ്പിലായ രോഗികളുടെ പരിചരണവും ആംബുലൻസ് അനുബന്ധ ചെലവുകളും

നിർവ്വഹണ ഉദ്യോഗസ്ഥ – മെഡിക്കൽ ഓഫീസർ.,പി.എച്ച്.സി.

അടങ്കൽ- 500000 ( ജനറൽ- 200000,ബ്ലോക്ക് വിഹിതം- 300000 )

ചെലവ് - 346473

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ കിടപ്പിലായ രോഗികളുടെ പരിചരണവും ആംബുലൻസ് അനുബന്ധ ചെലവുകളും എന്ന പദ്ധതി പരിശോധിച്ചു.താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1. പദ്ധതിക്ക് പന്തലായനി ബ്ലോക്ക് പഞ്ചായത്ത് വകയിരുത്തിയ 300000 രൂപ പദ്ധതിക്ക് ആവശ്യമില്ലെന്ന് മാർച്ച് മാസത്തിൽ ബ്ലോക്ക് പഞ്ചായത്തിനെ അറിയിച്ച സാഹചര്യം വിശദീകരിക്കേണ്ടതാണ്.

2. പദ്ധതിക്കായി വകയിരുത്തിയ 500000 രൂപയിൽ പൊതുവിഭാഗം സാധാരണ വിഹിതം 200000 ൽ അധികരിച്ച 146473 രൂപയുടെ സ്രോതസ്സ് വിശദമാക്കേണ്ടതാണ്.

3. പതിനഞ്ചോളം രോഗികൾക്ക് ഫിസിയോ തെറാപ്പിസ്റ്റിന്റെ സേവനം ആവശ്യമുണ്ടായിരുന്നിട്ടും പദ്ധതി പ്രകാരം പ്രസ്തുത സേവനം ലഭ്യമാക്കാത്തതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

4.പദ്ധതി പ്രകാരം 03.10.2016 തീയതിയിൽ ബിൽ നം. 01/16-17 പ്രകാരം ട്രഷറിയിൽ നിന്നും പിൻവലിച്ച 86937 രൂപയിൽ 28657 രൂപ പണമായി പിൻവലിച്ച് ചെലവ് നടത്തിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

5.മെഡിക്കൽ ഓഫീസർ 2016-17 വർഷത്തിൽ പി.എം.സി. രണ്ട് തവണയും പി.ഐ.സി ഒരു തവണയും മാത്രമാണ് വിളിച്ച് ചേർത്തത്. യോഗങ്ങൾ വിളിച്ച് ചേർത്ത് പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും ഫലപ്രദമാക്കുന്നതിനും മുൻകയ്യെടുക്കുകയും ചെയ്തിട്ടില്ല.
അപാകതകൾക്ക് വിശദീകരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.വിശദമായ മറുപടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-8 പദ്ധതിനിർവ്വഹണത്തിലെ അപാകതകൾ

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ അവസാന വാർഷിക പദ്ധതി നിർവ്വഹണമാണ് ഓഡിറ്റ് വർഷത്തിൽ പൂർത്തീകരിച്ചിരിക്കുന്നത്. വികസനരേഖ പ്രകാരവും 2016-17 വാർഷിക പദ്ധതിരേഖ പ്രകാരവും നിർവ്വഹണം നടത്തുന്നതിന് ആസൂത്രണം ചെയ്ത പദ്ധതികൾ പൂർണ്ണമായും ലക്ഷ്യത്തിലെത്തിക്കുന്നതിന് അത്തോളി ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല. പദ്ധതി ആസൂത്രണ, നിർവ്വഹണ നടപടിക്രമങ്ങളിലും വീഴ്ചയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

*എ. പദ്ധതി ആസൂത്രണ നടപടികളിലെ വീഴ്ചകൾ*

വിവിധ മേഖലകളിൽ വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും അവയിൽ നിക്ഷിപ്തമാക്കപ്പെട്ട കടമകൾ നിർവ്വഹിക്കുന്നതിൽ അവ പരാജയപ്പെട്ടു.2016-17 ൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിലും ബന്ധപ്പെട്ട സ്ഥിതിവിവരകണക്കുകൾ ശേഖരിച്ച് പദ്ധതിരൂപീകരണം ആധികാരികമാക്കുന്നതിനും വർക്കിംഗ് ഗ്രൂപ്പുകൾക്ക് കഴിഞ്ഞിട്ടില്ല.വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും ശ്രദ്ധചെലുത്തിയില്ല. സ്ഥിതിവിവരകണക്കുകൾ ലഭ്യമാക്കാതെ പദ്ധതിരൂപികരണം നടത്തിയത് മൂലം പദ്ധതി അടങ്കലിന് ആനുപാതികമായി ഗുണഭോക്താക്കളെ കണ്ടെത്താനായില്ല.ഇത് മൂലം പദ്ധതികൾക്ക് അനാവശ്യമായി ഫണ്ട് വകയിരുത്തപ്പെടുകയും ചെലവഴിക്കാനാവാതെ നഷ്ടപ്പെടുകയും ചെയ്തു ഉദാ : വെറ്ററിനറി സർജൻ 2016-17 വർഷം നടപ്പാക്കിയ 191/16-17,194/16-17 നമ്പറുകളായുള്ള ഗ്രാമംനിറയെ കോഴി (എസ്.സി, ജനറൽ) പ്രൊജക്ടുകൾ മുഖേന 1790

ഗുണഭോക്താക്കൾക്ക് തുക വകയിരുത്തിയെങ്കിലും 617 ഗുണഭോക്താക്കളെ മാത്രമെ കണ്ടെത്താനായുള്ളൂ. 2012-13 മുതൽ 2016-17 വരെയുള്ള അഞ്ച് വാർഷിക പദ്ധതികളിലും കോഴിവിതരണ പദ്ധതികൾ നടപ്പാക്കുകയുണ്ടായിട്ടുണ്ട്. മുൻകാല പദ്ധതികൾ മൂലം മേഖലയിലുണ്ടായ പുരോഗതി സംബന്ധിച്ച സ്ഥിതിവിവര കണക്കുകൾ അടിസ്ഥാനമാക്കാതെയാണ് പദ്ധതികൾ ആവർത്തിച്ച് നടപ്പാക്കിയതെന്ന് ഇതിൽ നിന്നും വ്യക്തമാണ്.

മാർഗ്ഗരേഖ പ്രകാരമുള്ള മുൻഗണനാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിലും ഗ്രാമപഞ്ചായത്ത് വീഴ്ച വരുത്തി. ഉദാ : 2016-17 ൽ പരിസ്ഥിതിയുടെയും പ്രകൃതിവിഭവങ്ങളുടെയും സംരക്ഷണം മുൻനിർത്തി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ വീഴ്ച വരുത്തി.

പദ്ധതി ആസൂത്രണപ്രക്രിയയിലെ ഓരോ ഘട്ടത്തിലും പാലിക്കേണ്ട സമയപരിധികൾ പാലിക്കാത്തത് മൂലം പദ്ധതി പ്രവർത്തനങ്ങൾ സാമ്പത്തികവർഷത്തിനുള്ളിൽ പൂർത്തീകരിക്കാനായില്ല.ഗുണഭോക്തൃപട്ടികകൾ സമയബന്ധിതമായി തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കുന്നതിൽ പഞ്ചായത്ത് വീഴ്ചവരുത്തി. ഇത് പദ്ധതിപ്രവർത്തനങ്ങൾക്ക് വകയിരുത്തിയ ഫണ്ടുകൾ ചെലവഴിക്കാനാവാതെ നഷ്ടപ്പെടുന്നതിന് കാരണമായി. സമയക്രമം പാലിക്കാത്തത് മൂലം പദ്ധതികൾക്ക് അധികമായി വകയിരുത്തിയതും, പലകാരണങ്ങളാൽ ചെലവഴിക്കാനാകില്ലെന്ന് തീർച്ചയായതുമായ ഫണ്ടുകൾ പദ്ധതികളിൽ ഭേദഗതികൾ വരുത്തിയും പുതിയ പദ്ധതികൾ രൂപീകരിച്ചും ഉപയോഗിക്കുന്നതിനുള്ള അവസരം നഷ്ടപ്പെടുത്തി.

*ബി.ഗ്രാമസഭയുടെ അവകാശങ്ങൾ സംരക്ഷിക്കുന്നില്ല.*

ഗ്രാമപഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന ഏതൊരു പ്രൊജക്ടും ഗ്രാമസഭ അംഗീകരിച്ചതാകണം.എന്നാൽ ഗ്രാമസഭയുടെ അംഗീകാരം ലഭിക്കാത്ത പദ്ധതികളും 2016-17 ൽ നിർവ്വഹണം നടത്തിയതായി കാണുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഓഡിറ്റ് വർഷത്തിൽ ഡി.പി.സിയുടെ അംഗീകാരം വാങ്ങിയ 158 പ്രൊജക്ടുകളിൽ 15 പുതിയ പ്രൊജക്ടുകൾ വികസന സെമിനാറിൽ അവതരിപ്പിച്ച കരട് വികസന പദ്ധതി രേഖയിൽ ഉൾപ്പെടാത്തതാണെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട് . വികസന സെമിനാറിൽ കരട് നിർദ്ദേശങ്ങളായി വരുന്ന പദ്ധതികൾ ,വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യമായ പഠനം നടത്തി തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി നിർദ്ദേശിക്കുന്നവയും , സ്റ്റേക്ക് ഹോൾഡർമാരുടെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് ആവശ്യമായ മാറ്റം വരുത്തിയതിനുശേഷം ഗ്രാമ സഭകളിൽ അവതരിപ്പിച്ച് അവയുടെ അംഗീകാരം വാങ്ങിയവയുമാണെന്നിരിക്കെ,കരട് രേഖയിൽപ്പെടാത്ത പദ്ധതികൾ അംഗീകാരം വാങ്ങിയതിൽ നിന്നും വികേന്ദ്രീകരണ ആസൂത്രണ പ്രക്രിയയിൽ പാളിച്ചകൾ ഉണ്ടായതായും വ്യക്തമാകുന്നു. കരട് പദ്ധതിരേഖയിൽപ്പെടാത്തതും ഡി.പി.സിയുടെ അംഗീകാരം വാങ്ങിയതുമായ പ്രൊജക്ടുകളുടെ വിവരം താഴെ കൊടുക്കുന്നു.

പട്ടിക I

| മേഖല | | ഗ്രാമസഭകളുടെ അംഗീകാരമില്ലാത്ത പ്രൊജക്ടുകളുടെ നംപർ. | അംഗീകാരമില്ലാത്തതിൽ നിർവ്വഹണം നടത്തിയവ | അംഗീകാരമില്ലാത്തവയ്ക്ക് ആകെ വകയിരുത്തിയ തുക | അംഗീകാരമില്ലാത്തവയ്ക്ക് ചെലവഴിച്ചതുക |
|---|---|---|---|---|---|
| പൊതു മരാമത്ത് | അസി.എക്സി. എഞ്ചിനീയർ | 96,103,118,126,127,128,129, 131,132,133,244,245,246, 247,250 | 96,128,129 | 972000 | 842347/- |
| ആകെ | | | | 972000/- | 842347/- |

മേല്പറഞ്ഞതിൽ നിന്നും നിയമവിരുദ്ധമായി 972000 ലക്ഷം വകയിരുത്തിയതിൽ 842347 ലക്ഷം രൂപ ചെലവഴിച്ചതായി കാണാം .1994- ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3, എം. എസ് . 4/2016/തസ്വഭവ. തീ.11.01.16 നമ്പർ പ്രകാരം പുറപ്പെടുവിച്ച 2016-17 വർഷത്തേക്കുള്ള പദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച മാർഗ്ഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി പണം വകയിരുത്തിയതിനും ചെലവഴിച്ചതിനും വിശദീകരണം നല്കേണ്ടതാണ്.

*സി.വികസനരേഖയിലൂന്നി വാർഷിക പദ്ധതികൾ തയ്യാറാക്കിയില്ല.*

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയ വികസനരേഖയിൽ വിഭാവനം ചെയ്ത പദ്ധതികൾ നിർവ്വഹിക്കുന്നതിലും ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും വാർഷികപദ്ധതികളെ ഉപയോഗപ്പെടുത്തിയില്ല.വികസന രേഖയിൽ

കാർഷിക മേഖലയുടെ വികസനത്തിനായി വിഭാവനം ചെയ്ത തെങ്ങ് കയറ്റയന്ത്രം, കാർഷിക വിപണനകേന്ദ്രം, ലാൽ ബഹദൂർ ശാസ്ത്രി ഹൈടെക് അഗ്രോ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ പദ്ധതികൾ വികസനരേഖയിൽ മാത്രമായൊതുങ്ങി.പരമ്പരാഗത മത്സ്യതൊഴിലാളികൾ ധാരാളമുള്ള ഗ്രാമപഞ്ചായത്തിൽ മത്സ്യമേഖലയിൽ നടപ്പാക്കുന്നതിന് വികസനരേഖപ്രകാരം ആസൂത്രണം ചെയ്ത പദ്ധതികളിലൊന്നുപോലും പന്ത്രണ്ടാം പഞ്ചവത്സര പദ്ധതികാലയളവിൽ നിർവ്വഹണം നടത്തിയിട്ടില്ല.ആരോഗ്യമേഖലയിൽ വയോജനങ്ങളുടെയും സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യത്തിനായി വിവിധപദ്ധതിമാതൃകകൾ വികസനരേഖ മുന്നോട്ട് വെച്ചെങ്കിലും നിർബന്ധിത പദ്ധതികളും മരുന്ന് വാങ്ങൽ പദ്ധതികളുമൊഴികെയുള്ള ഒരു പദ്ധതി പോലും പന്ത്രണ്ടാം പഞ്ചവത്സര പദ്ധതികാലയളവിൽ ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടില്ല.വെറ്ററിനറി സർജൻ വികസനരേഖയിലെ വിവിധയിനം പദ്ധതികൾ ഏറ്റെടുത്ത് മേഖലയുടെ സമഗ്രവികസനം ലക്ഷ്യമാക്കുന്നതിന് പകരം കോഴിവിതരണം പോലുള്ള പദ്ധതികൾ ആവർത്തിച്ച് നടപ്പാക്കുകയാണ് ചെയ്തിട്ടുള്ളത്.ചെറുകിട വ്യവസായ മേഖലയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ പഞ്ചായത്ത് ശ്രദ്ധചെലുത്തിയില്ല.പദ്ധതി നിർവ്വഹണത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥർ മേഖലയുടെ സമഗ്ര വികസനത്തിനുതകുന്ന പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് മുൻകയ്യെടുക്കുന്നില്ല.പകരം നിർബന്ധിത പദ്ധതികളുടെ മാത്രം നിർവ്വഹണ ചുമതല ഏറ്റെടുത്ത് നടപ്പാക്കുന്ന പ്രവണതയാണ് കാണുന്നത്. ഉദാ : ആരോഗ്യമേഖലയിൽ പെയിൻ & പാലിയേറ്റീവ് പദ്ധതികളും മരുന്ന് വാങ്ങൽ പദ്ധതികളും മാത്രമെ നിർവ്വഹിച്ചതായി കാണുന്നുള്ളൂ.വികസനരേഖ പ്രകാരം വിഭാവനം ചെയ്ത പദ്ധതി പ്രവർത്തനങ്ങളിൽ ഭൂരിഭാഗവും അവഗണിക്കപ്പെട്ടു.വീഴ്ചകൾക്ക് ബന്ധപ്പെട്ടവരിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

*ഡി) ഡി.പി.സി അംഗീകാരം ലഭിച്ച പദ്ധതികൾ മുഴുവൻ നിർവ്വഹണം നടത്തുന്നില്ല.*

2016-17 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ 224 പദ്ധതികൾക്ക് (സ്പിൽ ഓവർ ഉൾപ്പെടെ) ജില്ലാആസൂത്രണ സമിതി അംഗീകാരം നൽകിയിരുന്നു. എന്നാൽ പല നിർവ്വഹണ ഉദ്യോഗസ്ഥരും പദ്ധതികൾ പൂർണ്ണമായും നിർവ്വഹണം നടത്തുന്നതിൽ പരാജയപ്പെട്ടു.ഇത് മൂലം ചില മേഖലകളിൽ വികസപ്രവർത്തനങ്ങൾ നടന്നില്ല. വിശദ വിവരങ്ങൾ പട്ടിക II ൽ ചേർക്കുന്നു.

പട്ടിക II

| ക്രമനം | നിർവ്വഹണ ഉദ്യോഗസ്ഥൻ | മേഖലാ ചുമതലകൾ | പ്രൊജക്ടുകളുടെ എണ്ണം | നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ്% |
|---|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 1)കണക്കുകൾ,രേഖകൾ തയ്യാറാക്കൽ,<br>2)സേവനം മെച്ചപ്പെടുത്തൽ | 23 | 14 | 7271927 | 3893552 | 53.54 |
| 2 | കൃഷി ഓഫീസർ | 3)കൃഷിയും അനുബന്ധമേഖലയും | 6 | 5 | 2316000 | 1282163 | 55.36 |
| 3 | വെറ്ററിനറി സർജൻ | 4)മൃഗസംരക്ഷണവും 5)ക്ഷീരവികസനവും | 6 | 6 | 2276230 | 741450 | 32.57 |
| 4 | വി.ഇ.ഒ | 6)ചെറുകിടവ്യവസായം | 0 | 0 | | | |
| 5 | വി.ഇ.ഒ | 7)പട്ടികജാതി വികസനം<br>8)പട്ടിക വർഗ്ഗ വികസനം | 6 | 4 | 7601600 | 2689600 | 35.38 |
| 6 | എ.ഇ | 9)പൊതുമരാമത്ത് | 148 | 72 | 25032148 | 8759717 | 34.99 |
| 7 | എ.ഇ | 10)കുടിവെള്ളം<br>11)ശുചിത്വം(മാലിന്യ പരിപാലനം ഉൾപ്പടെ<br>12)ഊർജ്ജം | 10 | 0 | 3140000 | 0 | 0 |
| 8 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 13)സാമൂഹ്യക്ഷേമം | 0 | | | | |

| ക്രമനം | നിർവ്വഹണ ഉദ്യോഗസ്ഥൻ | മേഖലാ ചുമതലകൾ | പ്രൊജക്ടുകളുടെ എണ്ണം | നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ്% |
|---|---|---|---|---|---|---|---|
| 9 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 14)സ്ത്രീകളുടെയും കുട്ടികളുടെയും വികസനം | 4 | 4 | 3987899 | 3569834 | 89.52 |
| 10 | മെഡിക്കൽ ഓഫീസർ | 15)ആരോഗ്യം | 4 | 4 | 886000 | 732473 | 82.67 |
| 11 | ഹെഡ് മാസ്റ്റർ | 16)വിദ്യഭ്യാസം | 6 | 6 | 2780000 | 2431319 | 87.46 |
| 12 | അസി.സെക്രട്ടറി | 17)ദാരിദ്ര്യലഘൂകരണം (പാർപ്പിടം ഉൾപ്പടെ) | 10 | 5 | 4860000 | 13120000 | 27.01 |
| 13 | ക്ഷീരവികസന ഓഫീസർ | മൃഗസംരക്ഷണവും ക്ഷീരവികസനവും | 1 | 1 | 779305 | 779305 | 100 |

സാമൂഹ്യക്ഷേമം/കടിവെള്ളം,ഊർജ്ജം തുടങ്ങിയമേഖലയിൽ ഡി.പി.സി അംഗീകാരം ലഭിച്ച പദ്ധതികൾ നിർവ്വഹിക്കുന്നതിന് യഥാക്രമം ഐ.സി.ഡി.എസ് സൂപ്പർവൈസർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർക്ക് സാധിച്ചിട്ടില്ല.ഇത് കാരണം മേഖലയിൽ വിഭാവനം ചെയ്ത വികസനപ്രവർത്തനങ്ങൾ പരാജയപ്പെട്ടു.അസിസ്റ്റന്റ് എഞ്ചിനീയർ ,അസിസ്റ്റന്റ് സെക്രട്ടറി, വി.ഇ.ഒ, വെറ്ററിനറി സർജൻ എന്നിവർ അടങ്കൽ തുകയുടെ അൻപത് ശതമാനം പോലും ചെലവഴിച്ചിട്ടില്ല. ഐ.സി.ഡി.എസ് സൂപ്പർവൈസർ 82.67 ശതമാനം തുക ചെലവഴിച്ചെങ്കിലും പദ്ധതിപ്രവർത്തനങ്ങൾക്കായി വകയിരുത്തിയ കേന്ദ്രവിഹിതം ഉപയോഗപ്പെടുത്തുന്നതിൽ പരാജയപ്പെട്ടു.അസിസ്റ്റന്റ് എഞ്ചിനീയർ 2016-17 വർഷം 158 പദ്ധതികൾക്ക് അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിലും 72 പദ്ധതികൾ മാത്രമെ നിർവ്വഹണം നടത്തിയിട്ടുള്ളൂ. ഇതിൽ 67 സ്പിൽ ഓവർ പദ്ധതികളിൽ 46 എണ്ണവും 91 പുതിയപദ്ധതികളിൽ 26 എണ്ണം പദ്ധതികളും മാത്രമാണ് നിർവ്വഹിക്കപ്പെട്ടത്. പദ്ധതികൾ നിർവ്വഹണം നടത്തുന്നതിലുണ്ടായ വീഴ്ചക്ക് നിർവ്വഹണ ഉദ്യോഗസ്ഥർ വിശദീകരണം നൽകേണ്ടതാണ്. 2016-17 വാർഷിക പദ്ധതി പ്രവർത്തനങ്ങൾക്ക് വകയിരുത്തിയ 60931109 രൂപയിൽ 26191913 രൂപമാത്രമാണ് നടപ്പ് വർഷം ചെലവഴിച്ചത്. നിർവ്വഹണ സാധ്യതകൾ പരിശോധിക്കാതെയും ആവശ്യമായ പഠനങ്ങൾ നടത്താതെയും പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കിയത് മൂലം ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്തിന് ലഭ്യമായ ധനസ്രോതസ്സുകൾ ഫലപ്രദമായ രീതിയിൽ ഉപയോഗിക്കുന്നതിന് സാധിച്ചിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.പദ്ധതി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയതായി ഓഡിറ്റ് വിലയിരുത്തുന്നു. പരാമർശിക്കപ്പെട്ടവരിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

*ഇ. വിവിധയിനം ഫണ്ടുകളുടെ വിനിയോഗ വിവരങ്ങൾ*

2016-17 വർഷത്തിൽ വകയിരുത്തിയതും ചെലവഴിച്ചതുമായ വിവിധയിനം ഫണ്ടുകളുടെ വിശദാംശങ്ങൾ പട്ടിക III ൽ ഉൾപ്പെടുത്തുന്നു.

പട്ടിക III

| ക്രമനം | ഫണ്ടിനം | വകയിരുത്തിയത് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 1 | പ്ലാൻ ഫണ്ട് ജനറൽ | 12507003 | 9256870 | 74.01 |
| 2 | പ്ലാൻ ഫണ്ട് SCP | 10510469 | 3737301 | 35.56 |
| 3 | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 6507392 | 2899558 | 44.56 |

| ക്രമനം | ഫണ്ടിനം | വകയിരുത്തിയത് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 4 | ലോകബാങ്ക് ധനസഹായം | 3248851 | 2192105 | 67.47 |
| 5 | കേന്ദ്ര ധനസഹായം | 4024500 | 798895 | 19.85 |
| 6 | മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 3893858 | 4934247 | 69.12 |
| 7 | മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 8796970 | | 25.49 |
| 8 | തനത് ഫണ്ട് | 5840846 | 1427816 | 24.45 |
| 9 | ബ്ലോക്ക് വിഹിതം | 746305 | 442778 | 59.33 |
| 10 | ജില്ലാ പഞ്ചായത്ത് വിഹിതം | 500000 | 0 | 0 |
| 12 | മറ്റുള്ളവ | 4236165 | 502343 | 11.86 |

സംരക്ഷണഗ്രാന്റിനത്തിൽ ഓഡിറ്റ് വർഷത്തിൽ ലഭ്യമായിരുന്ന 12690828 രൂപയിൽ 4934247/- രൂപ മാത്രമാണ് ചെലവഴിക്കാനായത്. സംയുക്ത പദ്ധതികൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ വകയിരുത്തുന്ന പദ്ധതിവിഹിതം ഉപയോഗപ്പെടുത്തുന്നതിൽ പരാജയപ്പെട്ടു.കോഴിക്കോട് ജില്ലാപഞ്ചായത്ത് പദ്ധതിവിഹിതമായി 500000 രൂപ വകയിരുത്തിയെങ്കിലും പദ്ധതി നടപ്പാക്കാത്തത് മൂലം തുക നഷ്ടപ്പെട്ടു. ഓഡിറ്റ് വർഷത്തിൽ പന്തലായനി ബ്ലോക്ക് പഞ്ചായത്ത് വിവിധ പദ്ധതികൾക്കുള്ള വിഹിതമായി 746305 രൂപ വകയിരുത്തിയെങ്കിലും 446305 രൂപയാണ് കൈപ്പറ്റിയിട്ടുള്ളത്.ഇതിൽ 296305 രൂപമാത്രമേ ചെലവ് നടത്തിയുള്ളൂ. പെയിൻ & പാലിയേറ്റീവ് പദ്ധതിക്ക് ബ്ലോക്ക് പഞ്ചായത്ത് വകയിരുത്തിയ 300000 രൂപ പദ്ധതിപ്രവർത്തനങ്ങൾക്ക് ആവശ്യമില്ലെന്ന് മെഡിക്കൽ ഓഫീസർ ബ്ലോക്ക് പഞ്ചായത്തിനെ അറിയിച്ചതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്. 2015-16 വർഷത്തിൽ പെയിൻ & പാലിയേറ്റീവ് പദ്ധതിക്ക് ബ്ലോക്ക് വിഹിതമായി ലഭ്യമാക്കിയ തുക ചെലവഴിക്കാതിരിക്കുകയും സാമ്പത്തിക വർഷാവസാനം തിരിച്ചടക്കാതിരിക്കുകയും ചെയ്തു. പ്രസ്തുത തുകയിൽ 146473 രൂപ 2016-17 വർഷത്തിൽ പെയിൻ & പാലിയേറ്റീവ് പദ്ധതിക്ക് ചെലവഴിച്ചു.ഈ ഇനത്തിൽ ഗ്രാമപഞ്ചായത്തിൽ 38527 രൂപ നീക്കിയിരിപ്പുണ്ട്. 21.03.2015 തീയതിയിലെ ധനവകുപ്പിന്റെ സ.ഉ (പി) നം 119/2015/Fin നമ്പർ ഉത്തരവ് പ്രകാരം ചെലവഴിക്കാത്ത തുക സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുൻപായി തിരിച്ചടവാക്കേണ്ടതാണ്. എന്നാൽ നാളിതുവരെ തുക തിരിച്ചടവാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

*എഫ്.ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നതിലെ അപാകതകൾ.*

വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളുടെ മുൻഗണനാ ക്രമത്തിലുള്ള പട്ടിക തയ്യാറാക്കി ഗ്രാമസഭയുടെ അംഗീകാരം വാങ്ങുന്നില്ല. വാർഡ് തലത്തിൽ തയ്യാറാക്കിയ ഗുണഭോക്തൃപട്ടികകളാണ് ഗ്രാമപഞ്ചായത്ത് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കൈമാറുന്നത്. വെറ്ററിനറി സർജൻ 2016-17 ൽ നിർവ്വഹണം നടത്തിയ 191/17 നമ്പർ പദ്ധതിയായ 'ഗ്രാമം നിറയെ കോഴി (ജനറൽ- വനിത)' പദ്ധതി നടത്തിപ്പിനായി നിർവ്വഹണ ഉദ്യോഗസ്ഥക്ക് കൈമാറിയ ഗുണഭോക്തൃപട്ടികയിൽ പുരുഷൻമാരും ഉൾപ്പെട്ടതായി കാണുന്നു(ചില ഉദാഹരണങ്ങൾ : വാർഡ് 13,ക്രമ നം.29,30. വാർഡ് 14 ക്രമനം.49). ഇത് ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നതിൽ ഗ്രാമപഞ്ചായത്ത് പുലർത്തുന്ന നിരുത്തരവാദപരമായ സമീപനത്തിന്റെ തെളിവാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഗുണഭോക്തൃപട്ടിക സമയബന്ധിതമായി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കുന്നതിലും പഞ്ചായത്ത്

വീഴ്ചവരുത്തി.

പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലുമുണ്ടായ വീഴ്ചകൾ പഞ്ചായത്തിന്റെ വികസനത്തിന് വിഘാതമായിട്ടുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.വർക്കിംഗ് ഗ്രൂപ്പുകൾ, സ്റ്റാന്റിംഗ് കമ്മിറ്റികൾ, ഭരണസമിതി എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പ്രവർത്തിക്കേണ്ടതിന്റെ പ്രാധാന്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പന്തലായനി ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 296305 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി. | 296305 | 0 |
| | | 67000 | ഇടവിളകൃഷി വികസനം | 67000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി. | പുതുക്കുടി മീത്തൽ കൾവർട്ട് | 6,01,910/- | 6,01,910/- | 0 |
| കെ.എസ്.ഇ.ബി. | കുനിയിൽ കടവ് പാലം വരെ വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 1390,000/- | 1390,000/- | 0 |
| കെ.എസ്.ഇ.ബി. | തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | 1411000 | 1411000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം ഗുണഭോക്തൃ സമിതികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| മുതൽ | പലിശ | | | | | |
| ഇ.എം.എസ് ഭവനപദ്ധതി വായ്പ. | ജി ഒ (എം എസ്)207/2009.ത.സ്വ.ഭ.വ 07.11.2009 | --- | 924976 | 924976 | 0 | 0 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1592328 |
| തൻവർഷം നിക്ഷേപിച്ച തുക | 145228 |
| ആകെ | 1737556 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1737556 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കെ.ഡി.സി ബാങ്ക്,അത്തോളി | 1737556 |
| ആകെ | 1737556 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2001-02 | - | 2004-05 | 3 | നികുതി പിരിവിൽ അലംഭാവം പൊതുപരാമർശം |
| 2002-03 | 26 | 2005-06 | 70 (1) | സാങ്കേതിക നിർദ്ദേശം മരാമത്ത് പ്രവൃത്തികളിൽ ലക്ഷ ങ്ങളുടെ നഷ്ടം |
| 2004-05 | 2-2 | 2006-07 | 3-79 (1) | ഗ്രാമപഞ്ചായത്തുകൾ, കെട്ടിട നികുതി, തൊഴിൽനികുതി, തനത് വരവ് യഥാസമയം പിരിച്ചെടുക്കാത്തതിനാൽ കാലഹരണപ്പെട്ടു. (പൊതു പരാമർശം) |
| 2004-05 | 2-4 | 2006- 07 | 3-79(3) | രജിസ്റ്ററുകളുടെ സൂക്ഷിപ്പ് – അപാകതകൾ |
| 2004-05 | 4-1 | 2006-07 | 3-79(4) | പുതിയ അക്കൗണ്ടിംഗ് സമ്പ്രദായവും ക്യാഷ്ബുക്കും മറ്റും ശരിയായ വിധം എഴുതുന്നില്ല. |
| 2004-05 | 3-6 | 2006-07 | 3-79(16) | സർക്കാർ നിർദ്ദേശങ്ങൾ, ചട്ടങ്ങൾ/സബ്സിഡി മാനദണ്ഡങ്ങൾ എന്നിവ പാലിക്കുന്നില്ല. |
| 2004-05 | 3-2 | 2006-07 | 3-79(18) | ആരംഭിച്ച പദ്ധതി പൂർത്തിയാക്കിയില്ല/ഉപേക്ഷിച്ചു |
| 2004-05 | 3-12 | 2006-07 | 3-79(19) | മരാമത്ത് പ്രവൃത്തികൾ, നിരക്ക് അധികം നൽകുന്നത്/അളവ് തെറ്റായി രേഖപ്പെടുത്തി പഞ്ചായത്തുകൾക്ക് നഷ്ടം |

## **4-8** ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 47319701 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 42371109 |
| വരവിനങ്ങളിലുള്ള നഷ്ടം | 8153 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 0 |

**(ബി).** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-6 | 8153 | | ശ്രീ.രാജേഷ്.എ, സെക്രട്ടറി,അത്തോളി ഗ്രാമപഞ്ചായത്ത് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. രാജേഷ്.എ, സെക്രട്ടറി | സെക്രട്ടറി തിക്കോടി ഗ്രാമപഞ്ചായത്ത് | ആരതി പെരുവട്ടൂർ.പി.ഒ. കൊയിലാണ്ടി. കോഴിക്കോട് |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | എൽ.എഫ്.കെ.കെ.ഡി.പി.11571/08തി03.12.08 | 2 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി1. 1572/08തി.03.12.08 | 8 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി1. 1573/08തി03.12.08 | 6 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി1. 1574/08.തി.03.12.08 | 12 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി1. 1253/08തി.05.12.08. | 8 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.എസ്1/1150/07തി. 19.12.07 | 11 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.എസ്2/1446/07തി10.03.08. | 12 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി1. 1175/09തി03.11.09 | 30 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി10. 1304/10തി.04.11.2011 | 33 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി.13.466/13(1)തി.08.04.2013 | 17 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി.പി13.467/13തി.11.02.13 | 17 |
| 2011-12,2012-13 | എൽ.എഫ്.കെ.കെ.ഡി/പി13/205/14.തി.7.6.2014 | 23 |
| 2013-14<br>2014-15 | കെ എസ് എ/കെ കെ ഡി /പി13/415/2016 തീയതി-31.03.2016 | 15 |
| 2015-16 | കെ എസ് എ/കെ കെ ഡി /പി13/17/2017 തീയതി-09.01.2017 | 25 |

ഡെപ്യൂട്ടി ഡയറക്ടർ

**1**

## ഓഡിറ്റ് സർട്ടിഫിക്കറ്റ്.

നം.കെ.എസ്.എ.കെ.കെ.ഡി. പി13/1495/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

E-mail: dokkd.ksad@kerala.gov.in

ഫോൺ: 0495-2371012

തീയതി:10-8-2017

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിൻെറ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിൻെറ 215 ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ് ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ അത്തോളി ഗ്രാമപഞ്ചായത്തിൻെറ 2016-17വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അത്തോളി ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കോഴിക്കോട് ജില്ലാ ഓഡിറ്റ് കാര്യാലയം

No. KSA.KKD-P13/1495/2017

Kerala State Audit Department,

District Audit Office, Kozhikode

Phone: 0495-2371012

E-mail:dokkd.ksad@kerala.gov.in

Date:10-8-2017.

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Atholi Grama Panchayat in Kozhikode District for the year ended on 31.03.2017 in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Atholi Grama panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure .

DEPUTY DIRECTOR

District Audit Office, Kozhikode.